(Pages : 4)

**S – 6599**

**Reg. No. : .............................**

**Name : .................................**

## Third Semester M.A. Degree Examination, February 2024

## Malayalam Language and Literature

## ML 231 : സമകാലികസാഹിത്യം - ഗദ്യം

## (2019 Admission Onwards)

Time : 3 Hours

Max. Marks : 75

I. **ഈരണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) ആഗോളീകരണവും മലയാള സാഹിത്യവും - വിശദീകരിക്കുക.

അല്ലെങ്കിൽ

(b) ആധുനികാനന്തരവാദം എന്നാൽ എന്ത്? വിവരിക്കുക.

2. (a) നോവലിന്റെ സാമ്പ്രദായികതകളെ ആരോഹണം നിരസിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) ഖസാക്കിന്റെ ഇതിഹാസം എന്ന ശീർഷകത്തിന്റെ സാംഗത്യം എന്ത്?

3. (a) പാരിസ്ഥിതിക സ്ത്രീവാദം എന്നാൽ എന്ത്? വിവരിക്കുക.

അല്ലെങ്കിൽ

(b) 'നിധി ചാല സുഖമാ' എന്ന ശീർഷകം കഥാനിർവ്വഹണത്തിൽ വഹിക്കുന്ന പ്രാധാന്യം വ്യക്തമാക്കുക.

**P.T.O.**

4. (a) "എന്റെ തൊണ്ടയിൽ തീയായിരുന്നു. ഈ തീ ശമിപ്പിക്കാൻ ഒരു തുള്ളി വെള്ളം കിട്ടിയിരുന്നെങ്കിൽ" ഈ വരികൾ കഥയുടെ ഭാവാർത്ഥങ്ങളെ ധ്വനിപ്പിക്കുന്നതാണ്. വിശദമാക്കുക.

അല്ലെങ്കിൽ

(b) വിശപ്പിനെക്കുറിച്ചുള്ള ഒരു അന്യാപദേശ രചനയാണ് മഞ്ഞ് - നിരീക്ഷണം ശരിയോ?

5. (a) സ്വപ്ന - യാഥാർത്ഥ്യങ്ങളുടെ അതിരുകൾ നഷ്ടപ്പെട്ട സ്ത്രീജീവിതത്തിന്റെ ദൈന്യമാണ് കല്യാണി എന്ന കഥ. - വിവരിക്കുക.

അല്ലെങ്കിൽ

(b) ആസക്തമായ ഭക്തിയും കാമവും സൃഷ്ടിക്കുന്ന ദുരന്തങ്ങളെയാണ് കൃഷ്ണഗാഥ ഉള്ളടക്കുന്നത് - വിശദമാക്കുക.

6. (a) ജീവിതാസക്തികളെ ഭൂതാവിഷ്ടതകൾ കൊണ്ട് വീണ്ടെടുക്കാനുള്ള ശ്രമമാണ് കാവൽഭൂതം എന്ന കഥയുടെ ആന്തരികാർത്ഥം - വിശദമാക്കുക.

അല്ലെങ്കിൽ

(b) മിത്തുകൾ മലയാളസാഹിത്യത്തിലുണ്ടാക്കിയ സ്വാധീനം സോദാഹരണം ചർച്ച ചെയ്യുക.

7. (a) തനതുനാടകവേദി ഒരു പരീക്ഷണനാടകവേദിയോ? പരിശോധിക്കുക.

അല്ലെങ്കിൽ

(b) ദളിത് സാഹിത്യം എന്നാൽ എന്ത്? വ്യക്തമാക്കുക.

**(7 × 3 = 21 Marks)**

II. **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) രാമച്ചി എന്ന കഥ പ്രതിനിധാനം ചെയ്യുന്ന സാമൂഹ്യാവസ്ഥയെക്കുറിച്ചെഴുതുക.

അല്ലെങ്കിൽ

(b) അന്ധകാരനഴിയിൽ പ്രകടമാകുന്ന അധികാരത്തിന്റെ അവസ്ഥാന്തരങ്ങളെക്കുറിച്ചെഴുതുക.

9. (a) ധർമ്മാധർമ്മങ്ങളെക്കുറിച്ചുള്ള ആധുനികകാലത്തിന്റെ വ്യഥകളെയാണ് ഊരുകാവൽ പ്രമേയവല്ക്കരിക്കുന്നത് - വിശദീകരിക്കുക.

അല്ലെങ്കിൽ

(b) നാടോടി നാടക പാരമ്പര്യത്തിന്റെ അവതരണ സമ്പ്രദായങ്ങൾ അവനവൻ കടമ്പയെ വ്യതിരിക്തമാക്കുന്നതിന്റെ സാഹചര്യങ്ങളെ വിവരിച്ചെഴുതുക.

10. (a) കെ.വി. ശ്രീജയുടെ നാടകങ്ങൾ പ്രമേയത്തിലും രംഗാവതരണത്തിലും സൃഷ്ടിച്ച മാറ്റമെന്ത്? ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) രവീന്ദ്രന്റെ യാത്രകൾ എന്ന യാത്രാവിവരണ ഗ്രന്ഥത്തിന് ഒരു ലഘു വിവരണം തയ്യാറാക്കുക.

11. (a) പി.എം. താജിന്റെ നാടകങ്ങൾ രംഗാവിഷ്കരണ പരീക്ഷണ നാടകങ്ങളെന്ന നിലയിൽ പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(b) മലയാളത്തിലെ ഒരു ആത്മകഥാ രചനയെക്കുറിച്ച് വിവരിക്കുക.

12. (a) വേലുക്കുട്ടി അരയന്റെ ജീവചരിത്രം കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ ചരിത്രത്തെക്കുറിച്ചുള്ള യഥാതഥമായ വിവരണമാണ് - വിശദീകരിക്കുക.

അല്ലെങ്കിൽ

(b) ആധുനികത മലയാള കഥയിലുണ്ടാക്കിയ ഭാവുകത്വപരമായ മാറ്റങ്ങൾ സോദാഹരണം ചർച്ച ചെയ്യുക.

**(5 × 6 = 30 Marks)**

III. **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) വി.കെ. എന്നിന്റെ ആരോഹണം അധികാരത്തിന്റെ അകത്തളങ്ങളിൽ നടക്കുന്ന ഉപജാപങ്ങളുടെ ആക്ഷേപഹാസ്യമാണ് എന്ന പ്രസ്താവന വിലയിരുത്തുക.

അല്ലെങ്കിൽ

(b) ആയുസ്സിന്റെ പുസ്തകം എന്ന നോവലിന്റെ പ്രമേയം, ഭാഷ, ആഖ്യാനം എന്നിവയെക്കുറിച്ച് പ്രതിപാദിക്കുക.

14. (a) സി. അയ്യപ്പന്റെ കഥകൾ മുന്നോട്ട് വയ്ക്കുന്ന ദളിത്പക്ഷ രാഷ്ട്രീയമെന്ത്? അയ്യപ്പന്റെ കഥകൾ ആധാരമാക്കി ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) മലയാളത്തിലെ സ്ത്രീപക്ഷഎഴുത്തുകാരുടെ കഥകൾ പ്രമേയം, ഭാഷ, ആഖ്യാനം എന്നിവയിൽ പുതുമ സൃഷ്ടിക്കാൻ ശ്രമിച്ചിട്ടുണ്ടോ? പരിശോധിക്കുക.

15. (a) മലയാളത്തിലെ സഞ്ചാരസാഹിത്യത്തിന്റെ ഉദയ, വികാസ ചരിത്രത്തെക്കുറിച്ചുപന്യസിക്കുക.

അല്ലെങ്കിൽ

(b) തനതുനാടകവേദി, സ്ത്രീപക്ഷനാടകവേദി എന്നിവയുടെ ചരിത്രപരിണാമഘട്ടങ്ങൾ വിവരിക്കുക.

**(3 × 8 = 24 Marks)**

---